## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1067.** **30.01.2019 ൽ മറുപടിയ്ക്ക്**

## ഡീ-അഡിക്ഷൻ സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ്.പി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരിയുപയോഗം തടയാൻ എക്സൈസ് വകുപ്പിന്റെ കീഴിൽ ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) | വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ട് കേരളത്തിലെ പതിനാല് ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ മലപ്പുറം ജില്ലയിൽ ഇത്തരത്തിൽ എത്ര ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; എവിടെയെല്ലാം; | (ബി) | മലപ്പുറം ജില്ലയിൽ നിലമ്പൂർ ഗവൺമെന്റ് ആശുപത്രിയിൽ വിമുക്തി ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. |
| (സി) | ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി പ്രത്യേക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; | (സി) | ഡീ-അഡിക്ഷൻ സെന്ററുകളിൽ പ്രവർത്തിക്കുന്നതിനായി ഒരു സെന്ററിൽ ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒരു മെഡിക്കൽ ഓഫീസർ, ഒരു സോഷ്യൽ വർക്കർ, മൂന്ന് സ്റ്റാഫ് നഴ്സ് എന്നിങ്ങനെ ആകെ പതിനാല് സെന്ററുകൾക്കായി 84 താത്കാലിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | ലഹരിക്ക് അടിമപ്പെട്ടവർക്ക് ഇത്തരം കേന്ദ്രങ്ങളിലൂടെ കൗൺസലിംഗും ചികിത്സയും നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ലഹരിക്ക് അടിമപ്പെട്ടവർക്ക് വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ വഴി കൗൺസിലിംഗും ചികിത്സയും നൽകി വരുന്നുണ്ട്. 22/01/2019 വരെ പതിനാല് ഡീ-അഡിക്ഷൻ സെന്ററുകളിലുമായി 1552 പേർ ഒ.പി. വിഭാഗത്തിലും 148 പേർ ഐ.പി. വിഭാഗത്തിലും ചികിത്സ തേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ